പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: **3088** 10.03.2017-ൽ മറുപടിക്ക്

## കേരളത്തിലെ ഭവന രഹിതർ

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. വി.എസ്. ശിവകുമാർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പ്ലാനിംഗ് ബോർഡിന്റെ 2015-ലെ റിപ്പോർട്ട് അനുസരിച്ച് കേരളത്തിൽ എത്ര ഭവനരഹിതരുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) സംസ്ഥാന ആസൂത്രണ ബോർഡ് രൂപീകരിച്ച "എക്സ്പർട്ട് ഗ്രൂപ്പ് ഓൺ ടോട്ടൽ ഹൗസിംഗ് മിഷൻ" എന്ന കമ്മിറ്റി റിപ്പോർട്ട് പ്രകാരം 2015 മാർച്ച് വരെയുള്ള കണക്കനുസരിച്ച് കേരളത്തിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലുമായി 493490 ഭവന രഹിതരും എല്ലാ മുനിസിപ്പാലിറ്റികളിലുമായി 52836 ഭവനരഹിതരും എല്ലാ കോർപ്പറേഷനുകളിലുമായി 81418 ഭവന രഹിതരും ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു. |
| (ബി) ആയതിൽ തിരുവനന്തപുരം നഗരത്തിൽ എത്ര ഭവന രഹിതർ / ഭൂരഹിത ഭവന രഹിതർ ഉണ്ടെന്ന് വ്യക്തമാക്കാമോ ; | (ബി) പ്രസ്തുത റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം നഗരത്തിൽ 2015 മാർച്ച് വരെയുള്ള കണക്കനുസരിച്ച് 16343 ഭവന രഹിതരും 12509 ഭൂരഹിതരും ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു. |
| (സി) തിരുവനന്തപുരം നഗരത്തിനെ ഭവന രഹിതരില്ലാത്ത നഗരമാക്കാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ? | (സി) അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിത-ഭവനരഹിത കുടുംബങ്ങൾക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുന്നതിനായി സംസ്ഥാന സർക്കാർ സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിക്ക് (ലൈഫ്) രൂപം നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ.